# വളരെ അടിയന്തിരം

ജെ5 - 37534/2016

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 01.08.2017

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ്- ഹരിത കേരളം മിഷൻ-തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ 2017 ആഗസ്റ്റ് 15 ന് നടത്തുന്ന "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം" പ്രഖ്യാപനത്തിന് മുന്നോടിയായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 31/7/2017 ലെ 382/ഡി.സി.1/2017/തസ്വഭവ. നമ്പർ കത്ത്.

.....................................

ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 2017 ആഗസ്റ്റ് 15 ന് നടത്തുന്ന "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം" പ്രഖ്യാപനത്തിന് മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി നടത്തുന്ന ക്യാമ്പയിൻ വിജയകരമായി സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം നൽകുന്ന പ്രസ്തുത സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുകയും നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ജില്ലാ തലത്തിൽ ക്രിയാത്മകവും കാര്യക്ഷമവുമായ മോണിട്ടറിംഗ് നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണ്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് എല്ലാ തിങ്കളാഴ്ചയും ഹരിത കേരളം മിഷനും, പഞ്ചായത്ത് ഡയറക്ടർക്കും നൽകേണ്ടതാണ്. ഇതിനായി ആർ.ജി.എസ്.എ എം.ഐ.എസ്. സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

സർവ്വെയ്ക്കുള്ള മെറ്റീരിയൽസ് 3/8/2017 ൽ ശുചിത്വ മിഷൻ മുഖേന ബ്ലോക്ക് പഞ്ചായത്ത് ആഫീസുകളിൽ എത്തിക്കുന്നതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ഇവ ശേഖരിച്ച് 5/8/2017 ന് വാർഡ് തല സമിതി മുഖേന വീടുകളിൽ എത്തിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളുടെ ചുമതല ഗ്രാമ പഞ്ചായത്തിലെ ഒരു

